**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5344** | **12-08-2021 - ൽ മറുപടിയ്ക്ക്**

**ഫിലമെന്റ് രഹിത കേരളം പദ്ധതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **Shri. K. Krishnankutty**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ; | (എ) | കേരള സർക്കാർ, ഊർജ്ജ കേരള മിഷന്റെ ഭാഗമായി വിഭാവനം ചെയ്ത അഞ്ചു പദ്ധതികളിൽ ഒന്നായ ഫിലമെന്റ് രഹിത കേരളം (FFK) പദ്ധതി പ്രകാരം ഗാർഹിക ഉപഭോക്താക്കൾക്കായി സഹായ വിലയിൽ ഗുണമേൻമയുള്ള LED ബൾബുകൾ ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പദ്ധതി പൂർത്തിയാകുമ്പോൾ 250 മെഗാവാട്ട് വൈദ്യുതിയുടെ ഉപഭോഗം കുറയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഈ പദ്ധതി ഇപ്പോൾ നടന്നു വരികയാണ്. ഉപഭോക്താക്കളുടെ കൈവശമുള്ള സാധാരണ ബൾബുകളും സി.എഫ്.എൽ കളും തിരിച്ചെടുക്കാനും അവ സുരക്ഷിതമായി സംസ്കരിക്കുന്നതിനുമുള്ള ക്രമീകരണവും ഇതിൽ ഉൾപ്പെടുന്നു. ആദ്യഘട്ടത്തിൽ 13.3 ലക്ഷം ഉപഭോക്താക്കൾ 107 ലക്ഷം ബൾബുകൾക്കായി രജിസ്റ്റർ ചെയ്തിരുന്നു. ഇവ വിതരണം ചെയ്യുന്നതിനായി ഒരു കോടി ബൾബുകൾ കെ.എസ്.ഇ.ബി.എൽ വാങ്ങുകയും 2021 ജനുവരി മാസം മുതൽ ഇതിന്റെ വിതരണം ആരംഭിക്കുകയും ചെയ്തിരുന്നു. 09.08.2021 ലെ കണക്കനുസരിച്ച് 11.76 ലക്ഷം ഉപഭോക്താക്കൾക്ക് 93.56 ലക്ഷം ബൾബുകൾ വിതരണം നടത്തിക്കഴിഞ്ഞു. ഈ പദ്ധതിയുടെ രജിസ്ട്രേഷനും ബൾബുകളുടെ വിതരണവും ഇപ്പോഴും നടന്നു വരുന്നു. നിലവിലെ കണക്കനുസരിച്ച് 3.35 ലക്ഷം ഉപഭോക്താക്കൾക്ക് 28.5 ലക്ഷം ബൾബുകൾ കൂടി വിതരണം ചെയ്യാനുണ്ട്. ഇവ വിതരണം ചെയ്യുന്നതി നായി 25 ലക്ഷം ബൾബുകൾ കൂടി വാങ്ങുന്നതിന് കെ.എസ്.ഇ.ബി.എൽ അഡീഷണൽ പർച്ചേസ് ഓർഡർ 24.06.2021 ന് നൽകിയിട്ടുണ്ട്. മൂന്നു മാസത്തിനകം ബൾബുകൾ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | കെ.എസ്.ഇ.ബി.യുടെ വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ ഉപഭോക്താക്കൾക്കും എൽ.ഇ.ഡി. | (ബി) | കേരള സർക്കാർ, ഊർജ്ജ കേരള മിഷന്റെ ഭാഗമായി വിഭാവനം ചെയ്ത അഞ്ചു പദ്ധതികളിൽ |

| | | | |
|---|---|---|---|
| | ബൾബ് ലഭിക്കുന്ന രീതിയിൽ പദ്ധതി വിപുലീകരിക്കാൻ തയ്യാറാവുമോയെന്ന് വ്യക്തമാക്കാമോ? | | ഒന്നായ ഫിലമെന്റ് രഹിത കേരളം (FFK) പദ്ധതി പ്രകാരം ഗാർഹിക ഉപഭോക്താക്കൾക്കായി സഹായ വിലയിൽ ഗുണമേൻമയുള്ള LED ബൾബുകൾ ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പദ്ധതി പൂർത്തിയാകുമ്പോൾ 250 മെഗാവാട്ട് വൈദ്യുതിയുടെ ഉപഭോഗം കുറയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഈ പദ്ധതി ഇപ്പോൾ നടന്നു വരികയാണ്. ഉപഭോക്താക്കളുടെ കൈവശമുള്ള സാധാരണ ബൾബുകളും സി.എഫ്.എൽ കളും തിരിച്ചെടുക്കാനും അവ സുരക്ഷിതമായി സംസ്കരിക്കുന്നതിനുമുള്ള ക്രമീകരണവും ഇതിൽ ഉൾപ്പെടുന്നു. ആദ്യഘട്ടത്തിൽ 13.3 ലക്ഷം ഉപഭോക്താക്കൾ 107 ലക്ഷം ബൾബുകൾക്കായി രജിസ്റ്റർ ചെയ്തിരുന്നു. ഇവ വിതരണം ചെയ്യുന്നതിനായി ഒരു കോടി ബൾബുകൾ കെ.എസ്.ഇ.ബി.എൽ വാങ്ങുകയും 2021 ജനുവരി മാസം മുതൽ ഇതിന്റെ വിതരണം ആരംഭിക്കുകയും ചെയ്തിരുന്നു. 09.08.2021 ലെ കണക്കനുസരിച്ച് 11.76 ലക്ഷം ഉപഭോക്താക്കൾക്ക് 93.56 ലക്ഷം ബൾബുകൾ വിതരണം നടത്തിക്കഴിഞ്ഞു. ഈ പദ്ധതിയുടെ രജിസ്ട്രേഷനും ബൾബുകളുടെ വിതരണവും ഇപ്പോഴും നടന്നു വരുന്നു. നിലവിലെ കണക്കനുസരിച്ച് 3.35 ലക്ഷം ഉപഭോക്താക്കൾക്ക് 28.5 ലക്ഷം ബൾബുകൾ കൂടി വിതരണം ചെയ്യാനുണ്ട്. ഇവ വിതരണം ചെയ്യുന്നതി നായി 25 ലക്ഷം ബൾബുകൾ കൂടി വാങ്ങുന്നതിന് കെ.എസ്.ഇ.ബി.എൽ അഡീഷണൽ പർച്ചേസ് ഓർഡർ 24.06.2021 ന് നൽകിയിട്ടുണ്ട്. മൂന്നു മാസത്തിനകം ബൾബുകൾ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ